# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6354 — 11/7/2012-ൽ മറുപടിക്ക്

## മത്സ്യഫെഡിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

ചോദ്യം — മറുപടി

ശ്രീ. ജി. സുധാകരൻ

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മത്സ്യഫെഡ് മാനേജ്മെന്റ് ജീവനക്കാരുടെ സംഘടന കളുമായി 21-5-2012-ൽ നടത്തിയ ചർച്ചയിലെ തീരു മാനങ്ങൾ എന്തൊക്കെയാ യിരുന്നു ; മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | മത്സ്യഫെഡ് മാനേജ്മെന്റ് 21/5/2012-ൽ മത്സ്യഫെഡ് എംപ്ലോയീസ് ഫെഡറേഷനു (സി.ഐ.റ്റി.യു.) മായിട്ടാണ് ചർച്ച നടത്തിയത്. ചർച്ചയുടെ മിനിട്സ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ചർച്ചയിലെ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | ചർച്ചയിലെ തീരുമാനങ്ങളിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാര മേറ്റശേഷം മത്സ്യഫെഡിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ചുവിട്ടുവെന്നും അതിൽ എത്ര പേർക്ക് കരാർ പുതുക്കി നൽകി ജോലിയിൽ പ്രവേശിപ്പിച്ചു വെന്നും എത്ര പേരുടെ കരാർ പുതുക്കി നൽകിയില്ല എന്നും വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡിൽ നിന്നും സ്ഥിരം ജീവനക്കാരായ ആരെയും പിരിച്ചു വിട്ടിട്ടില്ല. താല്ക്കാലിക ജീവനക്കാരെ അവരുടെ നിലവിലുള്ള കരാർ കാലാവധി തീരുന്ന മുറയ്ക്ക് യൂണീറ്റ് തലവൻമാരുടെ ശുപാർശ പ്രകാരം ആവശ്യമെങ്കിൽ നില നിർത്തുകയും അല്ലാത്തപക്ഷം പിരിച്ചുവിടുകയും ചെയ്യുന്നു. നിലവിൽ കരാർ അടിസ്ഥാന ത്തിൽ ജോലി നോക്കിയിരുന്ന ഒരാളുടെ മാത്രം കരാർ പുതുക്കി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കരാർ പുതുക്കി നൽകുന്ന തിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ; | (ഡി) | മത്സ്യഫെഡിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ ജീവനക്കാരെ യൂണിറ്റ് തലവൻമാരുടെ ശുപാർശയുടെ വെളിച്ചത്തിൽ അത്യാവശ്യമെങ്കിൽ കരാർ പുതുക്കി നൽകാറുണ്ട്. |
| (ഇ) | കരാർ പുതുക്കി നൽകാത്ത ജീവനക്കാർ എത്ര വർഷമായി മത്സ്യഫെഡിൽ ജോലി നോക്കുന്നു ; കരാർ പുതുക്കി നൽകാത്തതിനു കാരണം വ്യക്തമാക്കുമോ ; | (ഇ) | കരാർ പുതുക്കി നൽകാത്ത ആരും തന്നെ മത്സ്യഫെഡിൽ ജീവനക്കാരായി തുടരുന്നില്ല. യഥാസമയങ്ങളിൽ കരാർ പുതുക്കി നൽകണമെന്ന് ശുപാർശ ചെയ്യേണ്ടത് അതാത് യൂണിറ്റ്/ജില്ലാ മാനേജർമാരാണ്. അത്തരം ശുപാർശ ലഭിക്കാത്തവരുടെ കരാർ പുതുക്കി നൽകുന്നില്ല. |
| (എഫ്) | മത്സ്യഫെഡ് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം, ഗ്രേഡ് പ്രൊമോഷൻ എന്നിവ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | മത്സ്യഫെഡ് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം, സർക്കാർ അംഗീകാരത്തിനു വിധേയമായി നൽകുന്നതാണ്. സേവന പുസ്തകത്തിൽ അപാകത ഒന്നുമില്ലാത്ത ജീവനക്കാരുടെ ഗ്രേഡ് പ്രൊമോഷൻ ഫിഷറീസ് രജിസ്ട്രാർ അംഗീകരിച്ച് നൽകി വരുന്നുണ്ട്. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ളവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്